സ്ഫോടനഭീകരതയിൽ സംഘ്പരിവാറിന്റെ പങ്ക് – 6

●

സദ്റുദ്ദീൻ വാഴക്കാട്

# 'മലപ്പുറത്തെ ദൈവം രക്ഷിച്ചു'

**ഉമ്മൻ ചാണ്ടിക്ക് ഓർമയുണ്ടോ ഉമ്മൻ കോശിയുടെ ആ പ്രസ്താവന?**

**ദേശസ്നേഹത്തിന്റെയും** മതസൗഹാർദത്തിന്റെയും ശാദ്വലഭൂമിയാണ് കേരളം. വിശ്വാസ–ആചാര വൈവിധ്യങ്ങളെ ആദരിച്ചും സന്തോഷങ്ങളും സന്താപങ്ങളും പങ്കുവെച്ചും വ്യത്യസ്ത മതക്കാർ നൂറ്റാണ്ടുകളായി സ്നേഹൈക്യത്തോടെ ജീവിക്കുന്ന മനോഹരതീരം. രാജ്യത്തിന്റെ സ്വാതന്ത്ര്യം സംരക്ഷിക്കാൻ പോർച്ചുഗീസ്–ബ്രിട്ടീഷ് സാമ്രാജ്യത്വങ്ങളോട് പൊരുതി മരിച്ച നൂറുകണക്കിന് ധീരദേശാഭിമാനികളുടെ ചരിത്രമുള്ള ഈ മണ്ണിൽ, വർഗീയതയുടെ വിഷവിത്തുകൾ ഉത്തരേന്ത്യയിലേതുപോലെ മുളച്ചിട്ടില്ല; അത് ക്ഷിപ്രസാധ്യവുമല്ല. മത വൈജാത്യങ്ങൾ നിലനിർത്തിക്കൊണ്ടു തന്നെ, വിവിധ മതക്കാർ, മതിൽകെട്ടുകൾകൊണ്ട് വേർതിരിക്കപ്പെടാതെ സ്നേഹിച്ചു കഴിയുന്ന ഈ മണ്ണ് സാമ്രാജ്യത്വത്തിന്റെയും വർഗീയവാദികളുടെയും നോട്ടകുറിയാണ് എന്നും. കേരളത്തിന്റെ സഹജമായ സാമ്രാജ്യത്വ വിരുദ്ധതയും മത മൈത്രിയുമാണ് വർഗീയ ഫാഷിസ്റ്റുകളുടെയും സാമ്രാജ്യത്വ ശക്തികളുടെയും ഹിറ്റ്ലിസ്റ്റിൽ ഈ നാടും ഉൾപ്പെടാൻ കാരണം.

## കേരളത്തെ കശ്മീരാക്കുന്നത് ആര്?

ഒളിയജണ്ടകൾ നടപ്പിലാക്കാനുള്ള ഗൂഢാലോചനകളും കുതന്ത്രങ്ങളും സാമ്രാജ്യത്വത്തിന്റെയും സംഘ്പരിവാറിന്റെയും ബുദ്ധിരാക്ഷസന്മാർ പല രീതിയിൽ പയറ്റിനോക്കിയിട്ടുണ്ട് കേരളത്തിൽ. സ്വാതന്ത്ര്യ സമരത്തെ പരാജയപ്പെടുത്താൻ ബ്രിട്ടീഷുകാർ കൊളുത്തിയ വർഗീയതയുടെ തീനാളങ്ങൾ ആളിക്കത്തിക്കാനാണ് പിൽകാലത്ത് സംഘ്പരിവാർ ശ്രമിച്ചത്. 1993ലെ താനൂർ സ്ഫോടനം മുതൽ 2009ലെ ആലുവ തുരുത്ത് സ്ഫോടനം വരെയുള്ള സംഘ്പരിവാർ ഭീകരതകൾ, കേരളത്തെ കലാപഭൂമിയാക്കി മാറ്റി ന്യൂനപക്ഷ വേട്ട നടത്താനും സമൂഹത്തിൽ ഭീതി വിതച്ച് വംശവെറി വിളയിച്ചെടുക്കാനുമുള്ള കുത്സിത ശ്രമങ്ങളായിരുന്നു. ശ്രീകൃഷ്ണ ജയന്തി ഘോഷയാത്രക്കു നേരെ ബോംബെറിഞ്ഞ് വർഗീയ കലാപം സൃഷ്ടിക്കാനുള്ള ശ്രമമായിരുന്നു 1993ൽ മലപ്പുറം ജില്ലയിലെ താനൂരിൽ ആർ.എസ്.എസ് നടത്തിയത്. അന്ന് സംഘ്പരിവാർ ഗൂഢാലോചന വിജയിച്ചിരുന്നുവെങ്കിൽ മലപ്പുറം ജില്ല മാത്രമല്ല, കേരളം തന്നെ കലാപഭൂമിയാകുമായിരുന്നു. അന്വേഷണത്തിന്റെയും തീവ്രവാദ വിരുദ്ധ നീക്കങ്ങളുടെയും പേരിൽ, അന്വേഷണ ഏജൻസികളുടെയും സായുധ

സൈന്യത്തിന്റെയും സൈ്വരവിഹാരം മലപ്പുറത്തെ/കേരളത്തെ കശ്മീരിന്റെ മറ്റൊരു പതിപ്പാക്കുമായിരുന്നു. 'കേരളത്തെ കശ്മീരാക്കാൻ ശ്രമിക്കുന്നത്' സംഘ്പരിവാറിന്റെ തീവ്രവാദമാണ് എന്നതിന്റെ ഒന്നാംതരം തെളിവാണ് 1993ലെ താനൂർ സ്ഫോടനം. പക്ഷേ, 'മലപ്പുറത്തെ ദൈവം രക്ഷിച്ചു'! ഇപ്പോൾ ചില തീവ്രവാദക്കേസുകളുടെ പശ്ചാത്തലത്തിൽ കേരളം കശ്മീരാകുന്നുവെന്ന് വിലപിക്കുന്ന കോൺഗ്രസ് നേതാവ് ഉമ്മൻ ചാണ്ടി, 1993ലെ താനൂർ സ്ഫോടനത്തെക്കുറിച്ചും ഇന്ത്യയുടെ പല ഭാഗങ്ങളിൽ തീവ്രഹിന്ദുത്വ സംഘടനകൾ നടത്തിയ സ്ഫോടനത്തെക്കുറിച്ചും മൗനം പാലിക്കുകയാണ്! വർഗീയ കലാപങ്ങൾ സൃഷ്ടിച്ച് കേരളത്തെ കശ്മീരിന്റെ മറ്റൊരു പതിപ്പാക്കാനുള്ള സംഘ്പരിവാർ ഗൂഢാലോചനകളെ ഇവർ എന്തുകൊണ്ടാണ് വിമർശിക്കാത്തത്?

'മാധ്യമഭീകരത'യുടെ അകമ്പടിയോടെ, തീവ്രവാദത്തിനും ഭീകരതക്കുമെതിരെ കേരളത്തിൽ സമീപകാലത്ത് നടന്ന 'അപസ്മാരമിളകൽ' ഏറ്റവുമധികം ഗുണം ചെയ്തത് സംഘ്പരിവാറിനായിരിക്കും. '90കളിൽ സ്ഫോടനങ്ങളിലൂടെ അവർ ലക്ഷ്യമിടുകയും പരാജയപ്പെടുകയും ചെയ്തതെന്താണോ, അത് കുറേകൂടി സമർഥവും ദൂരവ്യാപകമായ പ്രതിഫലനങ്ങൾ സൃഷ്ടിക്കാവുന്നവിധത്തിലും വിജയിപ്പിച്ചെടുക്കാൻ സമീപകാലത്ത് 'ഭീകരതാഭീതി' സൃഷ്ടിക്കലിലൂടെ അവർക്ക് സാധിച്ചിട്ടുണ്ട്. അറബിപ്പേരുള്ള വ്യക്തികളുടെയും സംഘടനകളുടെയും തീവ്രവാദത്തിനെതിരെ ഹിസ്റ്റീരിയ ബാധിച്ചവരെപ്പോലെ ഉറഞ്ഞുതുള്ളിയ കേരളത്തിലെ രാഷ്ട്രീയനേതാക്കളും മതേതര (സവർണ) ബുദ്ധിജീവികളും സംഘ്പരിവാർ നാവുകൊണ്ട് സംസാരിക്കുന്ന സാംസ്കാരിക പ്രവർത്തകരും മാധ്യമങ്ങളും കേരളത്തിലെ സംഘ്പരിവാർ പങ്കാളിത്തമുള്ള സ്ഫോടനങ്ങളെക്കുറിച്ച് മൗനം പാലിക്കുകയാണ്. തീവ്രവാദ കേസുകളുടെ തലനാരിഴകീറി അപസർപ്പകകഥകൾ മെനയുന്ന മാധ്യമങ്ങൾ സംഘ്പരിവാർ സ്ഫോടനങ്ങളെക്കുറിച്ച് അന്വേഷണാത്മക പരമ്പരകൾ പ്രസിദ്ധീകരിക്കാത്തത് എന്തുകൊണ്ടാണ്? കേരളത്തിലെ 'തീവ്രവാദ സ്വഭാവമുള്ള' കേസുകളും സ്ഫോടനങ്ങളും ദേശീയ അന്വേഷണ ഏജൻസി ഏറ്റെടുക്കുമ്പോൾ '93 ലെ താനൂർ സ്ഫോടനം മുതൽ 2009ലെ ആലുവ സ്ഫോടനം വരെയുള്ള സംഘ്പരിവാറിന്റെ സ്ഫോടനങ്ങളിലേക്ക് 'ദേശീയ അന്വേഷണ'ത്തിന്റെ കൈകൾ നീളാത്തതിന്റെ കാരണമെന്ത്? സംഘ്പരിവാറിന്റെ സ്ഫോടനങ്ങളും ദേശീയ അന്വേഷണ ഏജൻസി ഏറ്റെടുക്കണമെന്ന് പറയാൻ ആർക്കും നാവു പൊങ്ങാത്തത് എന്തുകൊണ്ടാണ്?

## സ്ഫോടന പരമ്പര

കേരളത്തിൽ നിരവധി ബോംബാക്രമണങ്ങളും സ്ഫോടനങ്ങളും സംഘ്പരിവാർ നടത്തിയിട്ടുണ്ട്. ചിലത് രാഷ്ട്രീയ ശത്രുക്കൾക്കെതിരായിരുന്നുവെങ്കിൽ, മറ്റു ചിലത് ബോധപൂർവം വർഗീയ കലാപങ്ങൾ ഉണ്ടാക്കാൻ വേണ്ടിയുള്ളതായിരുന്നു. മുഖ്യധാരാമാധ്യമങ്ങളും അന്വേഷണ ഏജൻസികളും ഗൗരവത്തിലെടുക്കാത്ത പല സ്ഫോടന കേസുകളും കാലാന്തരത്തിൽ മൺമറഞ്ഞുപോവുകയാണുണ്ടായത്.

താനൂർ – മലപ്പുറം (1993 സെപ്റ്റംബർ), മട്ടാഞ്ചേരി – കൊച്ചി (1999 ജൂലൈ 24). മട്ടന്നൂർ – കണ്ണൂർ (2008 ഫെബ്രുവരി), ശ്രീകാര്യം–തിരുവനന്തപുരം (2008 മാർച്ച്), തലശ്ശേരി–കണ്ണൂർ (2008 നവംബർ), തുരുത്ത് –ആലുവ (2009 മാർച്ച് 1) തുടങ്ങിയവ കേരളത്തിൽ സംഘ്പരിവാറിന്റേതായി നടന്ന സ്ഫോടനങ്ങളിൽ ചിലതാണ്. വിശദമായ പഠനം നടത്തിയാൽ ഈ പട്ടികക്ക് ഇനിയും ദൈർഘ്യമുണ്ടാകും.

2005 ൽ ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നത് മുതൽ 2009 ജൂലൈ

വരെ, ബോംബ് നിർമിക്കുന്നതിനോ അത് കൈകാര്യം ചെയ്യുന്നതിനോ ഇടക്ക് 27 സ്ഫോടനങ്ങൾ നടന്നിട്ടുണ്ട്. അവയിൽ മരണപ്പെട്ട അഞ്ചുപേരിൽ മൂന്നുപേരും ബി.ജെ.പിക്കാരാണ്, ഒരാൾ സി.പി.എമ്മുകാരനും. പരിക്കുപറ്റിയ 36 പേരിൽ എട്ടുപേർ ബി.ജെ.പിക്കാരാണ്. 103 ബോംബാക്രമണ കേസുകളിൽ 45 എണ്ണം ബി.ജെ.പിയുടെ വകയാണ്. (കേരള നിയമസഭയിൽ കോടിയേരി ബാലകൃഷ്ണൻ നൽകിയ മറുപടിയിൽനിന്ന് – *ചന്ദ്രിക* 16.07.2009, *തേജസ്* 19.02.2009)

നാലുവർഷത്തെ ബോംബാക്രമണ–സ്ഫോടന കേസുകളുടേത് മാത്രമാണ് ഈ കണക്ക്. എങ്കിൽ '90കൾ മുതൽക്കെങ്കിലുമുള്ള സ്ഫോടന കേസുകൾ മുഴുവൻ പരിശോധിച്ചാൽ അവയിൽ എത്രയെണ്ണം സംഘ്പരിവാറിന്റേതായി ഉണ്ടാകും!

2008 മാർച്ച് 9–ന് തിരുവനന്തപുരത്തുണ്ടായ സ്ഫോടനം ആർ.എസ്.എസിന്റെ ബോംബ് നിർമാണത്തിനിടയിലായിരുന്നു. "തിരുവനന്തപുരം – ശ്രീകാര്യത്തെ കേന്ദ്ര കിഴങ്ങു വർഗ ഗവേഷണ കേന്ദ്രത്തിന്റെ ചുറ്റുവളപ്പിൽ നിർമാണത്തിനിടെ നാടൻ ബോംബ് പൊട്ടിയാണ് ആർ.എസ്.എസ് പ്രവർത്തകൻ ശ്രീകാര്യം ചെറുവയ്ക്കൽ സത്യസായി മന്ദിരത്തിന് സമീപം തേരുവിള വീട്ടിൽ വാവ എന്ന സുരേഷിന് പരിക്കേറ്റത്. ഞായറാഴ്ച രാത്രി ഏഴുമണിയോടെയാണ് സംഭവം. നെഞ്ചിനും കഴുത്തിനും കൈക്കും ഗുരുതരമായി പരിക്കേറ്റ ഇയാൾ ഇപ്പോൾ പോലീസ് നിരീക്ഷണത്തിലാണ്. സംഭവത്തെക്കുറിച്ച് പോലീസ് പറഞ്ഞതിങ്ങനെ: ഗവേഷണ കേന്ദ്രത്തിന്റെ ഒഴിഞ്ഞ ഭാഗത്ത് വെടിമരുന്ന് ഉപയോഗിച്ച് ഇയാൾ നാടൻ ബോംബ് ഉണ്ടാക്കുകയായിരുന്നു. ഇതിനിടെയാണ് കരിങ്കൽ ചീളുകളും മറ്റും നിറച്ച ബോംബ് പൊട്ടിത്തെറിച്ചത്. സംഭവസ്ഥലത്തുനിന്നും വെടിമരുന്നും മറ്റും നിറച്ച കൂടുതൽ പൊതികൾ പോലീസ് കണ്ടെടുക്കുകയുണ്ടായി" (*മാധ്യമം* 2008 മാർച്ച് 11 പേജ് 10).

കേരളത്തിൽ സംഘ്പരിവാർ നടത്തിയ ബോംബ് നിർമാണ–സ്ഫോടന കേസുകൾ പതിവുപോലെ ഫ്രീസറിൽ വെക്കുകയോ അകാലമൃത്യു വരിക്കുകയോ ആണ് ചെയ്തത്. സ്ഫോടനങ്ങൾ നടക്കുകയും ഒന്നിലേറെ മരണങ്ങൾ ഉണ്ടാവുകയും ചെയ്ത സംഭവങ്ങൾ പോലും ചർച്ചയാക്കാതെ മുഖ്യധാര തമസ്കരിക്കുകയായിരുന്നു. ആളപായമുണ്ടാകാത്ത പല സ്ഫോടനങ്ങളും ജനമനസിൽ കത്തിനിൽകുമ്പോൾ സംഘ്പരിവാർ സ്ഫോടനങ്ങൾ ആരുടെയും ഓർമയിൽ പോലുമില്ല!

## എ.ബി.വി.പിക്കാരന്റെ ബോംബ്ഭീഷണി

കൊച്ചിയിലെ നാവിക കേന്ദ്രത്തിൽ ബോംബ് ഭീഷണി മുഴക്കിയതിന് സംഘ്പരിവാർ പ്രവർത്തകൻ അറസ്റ്റിലായത് 2008 ജൂലൈ 28–ന്. ബാംഗ്ലൂർ സ്ഫോടനം പോലെ കൊച്ചി നേവൽ ബേസും കലൂർ സ്റ്റേഡിയവും ആഗസ്റ്റ് 15–ന് ബോംബിട്ട് തകർക്കുമെന്നായിരുന്നു സംഘ്പരിവാറുകാരനായ പ്ലസ്‌വൺ വിദ്യാർഥി തേജസിന്റെ ഭീഷണി. ബി.ജെ.പിയുടെ വിദ്യാർഥി സംഘടനയായ എ.ബി.വി.പിയുടെ സജീവപ്രവർത്തകനായ കോഴിക്കോട് പേരാമ്പ്രയിലെ മൂയിപ്പോത്ത് സ്വദേശി തേജസിനെ കൃത്യമായ അന്വേഷണത്തിലൂടെയാണ് പോലീസ് പിടികൂടിയത്.

ബാംഗ്ലൂരിൽ സ്ഫോടനമുണ്ടായ ദിവസം, തിരുവനന്തപുരത്തെ *ടെലഗ്രാഫ്* പത്രത്തിന്റെ ഫോട്ടോഗ്രാഫർക്ക് ഒരു 'മിസ്ഡ്കോൾ' വന്നു. തിരിച്ചു വിളിച്ചപ്പോൾ 'അസ്സലാമു അലൈകും' എന്നായിരുന്നു പ്രതികരണം. "മാറാടുനിന്നാണ് വിളിക്കുന്നത്, ബാംഗ്ലൂരിൽ സ്ഫോടനം നടന്നത് അറിഞ്ഞില്ലേ, അതുപോലെ കൊച്ചി നേവൽബേസും കലൂർ സ്റ്റേഡിയവും ആഗസ്റ്റ് 15–ന് ബോംബിട്ട് തകർക്കും. ജയ് പാകിസ്താൻ വിളിക്കണം, ഇല്ലെങ്കിൽ കൊന്നുകളയും" – ഇതായിരുന്നു എ.ബി.വി.

പിക്കാരന്റെ ഭീഷണി. ഫോൺ നമ്പർ കേന്ദ്രീകരിച്ചുള്ള സമർഥമായ അന്വേഷണത്തിലൂടെയാണ് കോഴിക്കോട് പോലീസ് പ്രതിയെ പിടികൂടിയത്. മറ്റൊരാളുടെ ഫോണിലും ഭീഷണി സന്ദേശം അയച്ചിരുന്നതായി രഹസ്യാന്വേഷണ വിഭാഗത്തിന്റെ ചോദ്യം ചെയ്യലിൽ പ്രതി സമ്മതിച്ചു. 'ജയ് ഭാരത് മാതാ' എന്ന് വിളിച്ചില്ലെങ്കിൽ കൊന്ന് കളയും എന്നായിരുന്നു ഭീഷണി! (*മാധ്യമം* ജൂലൈ 29, 2008). കോഴിക്കോട് റൂറൽ സ്റ്റേഷനിൽ അടിപിടി കേസിലും തേജസ് പ്രതിയാണെന്ന് പോലീസ് പറഞ്ഞു. (*മാധ്യമം* 30, 2008).

തീവ്രവാദ-ബോംബ്സ്ഫോടന-ഭീഷണി കേസുകളുടെ പതിവ് ശൈലിയിൽനിന്ന് ചില വ്യത്യാസങ്ങൾ എ.ബി.വി.പിക്കാരന്റെ ബോംബ് ഭീഷണി കേസിനുണ്ടായിരുന്നു.

ഒന്ന്, മുസ്‌ലിം ചുവയുള്ള ചില പ്രയോഗങ്ങൾ കണ്ടതുകൊണ്ടു മാത്രം ഏതെങ്കിലും മുസ്‌ലിം യുവാവിനെ പിടികൂടുകയോ പ്രതിയാക്കുകയോ ഉണ്ടായില്ല. അന്വേഷണം ശരിയായ ദിശയിൽ നിങ്ങുകയും യഥാർഥ പ്രതി പിടിയിലാവുകയും ചെയ്തു.

രണ്ട്, നാവിക കേന്ദ്രത്തിനെതിരായ സംഘ്പരിവാറിന്റെ ബോംബ് ഭീഷണി, രാജ്യ സുരക്ഷയെ ബാധിക്കുന്ന ഗൗരവപ്പെട്ട കേസായിരുന്നിട്ടും 'ഫോണിൽ ചീത്ത വിളിച്ചതിനും ഭീഷണിപ്പെടുത്തിയതിനു'മാണ് കേസെടുത്തത്! രാജ്യദ്രോഹക്കുറ്റമോ തീവ്രവാദ പ്രവർത്തനമോ പ്രതിക്കെതിരെ ചുമത്തുകയുണ്ടായില്ല. മാത്രമല്ല, അറസ്റ്റു ചെയ്തതിന്റെ അടുത്തദിവസം പ്രതിക്ക് ജാമ്യം ലഭിക്കുകയും ചെയ്തു!

മൂന്ന്, 'അസ്സലാമു അലൈകും' എന്ന ഇസ്‌ലാമിക പ്രയോഗം, ബോംബ് ഭീഷണി മുഴക്കുമ്പോൾ സംഘ്പരിവാറുകാരൻ ഉപയോഗിച്ചത് എന്തിനാണെന്നത് വ്യക്തം. ഒരു മതത്തെയും അതിന്റെ അനുയായികളെയും പ്രതിക്കൂട്ടിൽ നിർത്താനും സാമുദായിക സ്പർധയും വർഗീയതയും ഇളക്കിവിടാനും. അതൊന്നും കേസിൽ ഉൾപ്പെടുത്തപ്പെട്ടില്ല! മാധ്യമ കണ്ണുകൾ ആ വഴിക്ക് തിരിഞ്ഞതുമില്ല. 'തീവ്രവാദം, ഭീകരത' തുടങ്ങിയ പ്രയോഗങ്ങളൊന്നും മാധ്യമങ്ങൾ ഉപയോഗിച്ചതുമില്ല!

നാല്, പ്രതിയുടെ സംഘടന, സഹപ്രവർത്തകർ, ബോംബ് ഭീഷണിക്കു പിന്നിലെ ഗൂഢാലോചന തുടങ്ങിയ വിഷയങ്ങളിലേക്കൊന്നും അന്വേഷണം നീണ്ടതായി പത്രറിപ്പോർട്ടുകളില്ല. ഒരു എ.ബി.വി.പിക്കാരൻ നാവികകേന്ദ്രത്തിനെതിരെ ബോംബ് ഭീഷണി മുഴക്കിയിട്ടും എ.ബി.വി.പിയോ ഏതെങ്കിലും സംഘ്പരിവാർ സംഘടനയോ വിഷയത്തിൽ പ്രതികരിച്ചതായും കണ്ടില്ല. പ്രതിയെ സംഘടനയിൽനിന് പുറത്താക്കുകയും ചെയ്തില്ല. (2008 ലെ മാലേഗാവ് സ്ഫോടനക്കേസിലെ പ്രതി പ്രജ്ഞാസിംഗും എ.ബി.വി.പിക്കാരിയായിരുന്നു).

## താനൂർ സ്ഫോടനം

1993 സെപ്റ്റംബർ 6-ന് ഉച്ചക്കുശേഷം 3 മണിയോടെയാണ് മലപ്പുറം ജില്ലയിലെ താനൂരിൽ ബി.ജെ.പി പ്രവർത്തകന്റെ വീട്ടിൽ ബോംബ് സ്ഫോടനമുണ്ടായത്. താനാളൂർ പഞ്ചായത്തിലെ മൂലക്കൽ അങ്ങാടിക്ക് പടിഞ്ഞാറ്, കെ. പുരത്തെ പറമ്പാട്ട് സുകുവിന്റെ ഇരുനില വീട്ടിലായിരുന്നു ഉഗ്രസ്ഫോടനം. സംഭവത്തിൽ ഒരാൾ മരിക്കുകയും രണ്ടു പേർക്ക് പരിക്കേൽക്കുകയും ചെയ്തു. വീടിന്റെ മുകൾ ഭാഗം ഏതാണ്ട് പൂർണമായും തകർന്നു. സുകുവിന്റെ മകൻ ബാബു, വടക്കമ്പാട്ട് കോരന്റെ മകൻ വേലായുധൻ എന്നിവർക്കാണ് പരിക്കേറ്റത്. ഇരുവരും ആർ.എസ്.എസിന്റെ സജീവ പ്രവർത്തകരായിരുന്നു. ബാബുവിന്റെ അനുജൻ രാംദാസ്, വേലായുധൻ എന്നിവർ കോട്ടക്കലിനടുത്ത പൂക്കിപറമ്പിൽ, മതപ്രഭാഷണം നടക്കുമ്പോൾ

സംഘടിതമായി വന്ന് ശ്രോതാക്കളെ വെട്ടിപരിക്കേൽപിച്ച കേസിൽ പ്രതികളാണ്.

"മരണപ്പെട്ടത്, 'തൃക്കണ്ടിയൂർ സംഗമത്തിൽ സുനിലാ'ണെന്നാണ് ആദ്യം കിട്ടിയ വിവരം. 'തിരൂർ സ്വദേശി മധു'വാണ് മരിച്ചതെന്നാണ് അധികൃതരോട് ആദ്യം പറഞ്ഞത്. പിന്നീട് 'തിരുവനന്തപുരം കോട്ടക്കകത്തെ സുനിലാ'ണെന്ന് പറഞ്ഞു. യഥാർഥത്തിൽ മരിച്ചത്, 'തിരുവനന്തപുരം ശ്രീകാര്യം സ്വദേശി വട്ടച്ചിറ ശ്രീകാന്ത്' ആയിരുന്നുവെന്ന് പിന്നീട് തെളിഞ്ഞു. തിരുവനന്തപുരം മിത്രാനന്ദപുരം ശക്തി നിവാസിൽ സുനിലാണെന്ന് ആർ.എസ്.എസ് കേന്ദ്രങ്ങൾ തന്നെ പോലീസിൽ അറിയിക്കുകയും സഹോദരനെന്ന് പറഞ്ഞ് ഒരു ആർ.എസ്.എസ് പ്രവർത്തകൻ മെഡിക്കൽ കോളേജിൽ ചെല്ലുകയും ചെയ്തു. പോലീസ് ചോദ്യം ചെയ്തപ്പോൾ സഹോദരനല്ലെന്ന് മനസിലായ ഉടൻ ആൾ മുങ്ങുകയായിരുന്നു. ശ്രീകാന്തിന്റെ ജഡം തിരിച്ചറിയാതിരിക്കാൻ തിരുവനന്തപുരത്തേക്ക് ഒളിച്ചു കടത്താനായിരുന്നുവത്രെ പദ്ധതി. 1992 ജനുവരി 12–ന് അർധരാത്രി പൂഹ എന്ന സി.പി.ഐ പ്രവർത്തകനെ ബോംബെറിഞ്ഞ് കൊലപ്പെടുത്തിയ കേസിൽ രണ്ടാം പ്രതിയായിരുന്നു ശ്രീകാന്ത്. സംഭവത്തിന് ശേഷം മുങ്ങിയ ഇയാൾ പല ആർ.എസ്.എസ് കേന്ദ്രങ്ങളിൽ മാറിമാറി കഴിയുകയായിരുന്നു" (*മാധ്യമം* ദിനപത്രം, 1993 സെപ്റ്റംബർ 7,8,9).

"ആർ.എസ്.എസിന്റെ ബോംബ് നിർമാണ വിദഗ്ധനായിരുന്ന ശ്രീകാന്തിനെ താനൂർ–തിരൂർ പ്രദേശങ്ങളിലെ ആർ.എസ്.എസ് ശാഖകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവർക്ക് ബോംബ് നിർമാണത്തിൽ പരിശീലനം നൽകാൻ നിയോഗിച്ചതായിരുന്നു. ജില്ലയുടെ മറ്റു ഭാഗങ്ങളിലും ഇങ്ങനെ ബോംബ് നിർമിക്കാൻ ആളുകളെ നിശ്ചയിച്ചതായി വാർത്തയുണ്ടായിരുന്നു. സംഭവം നടക്കുന്നതിന് മുമ്പ് ഒരു മാസത്തോളം കാരാട് ക്ഷേത്രത്തിലെ ശാഖയിൽ ശ്രീകാന്ത് വരാറുണ്ടായിരുന്നു.

"ബോംബ് നിർമാണത്തിന് പരിശീലനം നൽകുന്നതിനിടെയായിരുന്നു സ്ഫോടനം നടന്നത്. ആൾതാമസമില്ലാത്ത ഒഴിഞ്ഞ സ്ഥലത്തായിരുന്ന വീട്, ഇത്തരം രഹസ്യ പ്രവർത്തനങ്ങൾക്ക് പറ്റിയ സ്ഥലമായിരുന്നു. സംഭവസ്ഥലം പരിശോധിച്ച പോലീസിന് അവിടെനിന്ന് സ്ഫോടക വസ്തുക്കൾ ലഭിക്കുകയുണ്ടായി. എന്നാൽ, താനൂരിൽ നടന്ന ബോംബ് സ്ഫോടനം മുസ്‌ലിം അക്രമമാണെന്ന് വരുത്തിത്തീർക്കാൻ ശ്രമം നടന്നു. ഒരു പള്ളിയിൽ നിന്നുള്ള ബോംബാക്രമണത്തിലാണ് ഇവർക്ക് പരിക്കേറ്റത് എന്ന് വരുത്താനായിരുന്നു ആദ്യശ്രമം. പോലീസ് ഉദ്യോഗസ്ഥർ സ്ഫോടനമുണ്ടായ ഉടൻ സംഭവസ്ഥലത്തെത്തി വീടിന്റെ നിയന്ത്രണം ഏറ്റെടുത്തതിനാൽ ആർ.എസ്.എസ് നേതൃത്വത്തിന്റെ തന്ത്രം ഫലിച്ചില്ല." (*മാധ്യമം* 1993 സെപ്റ്റംബർ 9).

എന്തിനായിരുന്നു ഈ ബോംബ് നിർമാണം? ഇതുസംബന്ധിച്ച് *മാധ്യമ*ത്തിൽ വന്ന വാർത്ത സംഘ്പരിവാറിന്റെ ഗൂഢതന്ത്രം വെളിപ്പെടുത്തുന്നു. "താനൂരിലെ ആർ.എസ്.എസ് പ്രവർത്തകന്റെ വീട്ടിൽ രഹസ്യമായി ബോംബുണ്ടാക്കിയത് ശ്രീകൃഷ്ണ ജയന്തിയോടനുബന്ധിച്ചുള്ള ഘോഷയാത്രയിൽ ഉപയോഗിക്കാനായിരുന്നെന്ന് അറസ്റ്റിലായ ആർ.എസ്.എസ് പ്രവർത്തകൻ ബാബു സമ്മതിച്ചതായി ജില്ലാ പോലീസ് സൂപ്രണ്ട് പറഞ്ഞു...... ശ്രീകൃഷ്ണ ജയന്തിഘോഷയാത്രയുടെ ഇടയിലേക്ക് ബോംബെറിഞ്ഞ് കുറ്റം മുസ്‌ലിം സംഘടനകളുടെ തലയിൽ കെട്ടിവെക്കാനുള്ള ഗൂഢതന്ത്രത്തിന്റെ ഭാഗമായാണ് ബോംബുണ്ടാക്കിയിരുന്നതെന്ന് പരക്കെ ആരോപണമുണ്ടായിരുന്നു. (*മാധ്യമം* ദിനപത്രം 1993 സെപ്റ്റംബർ 19, പേജ് 5).

ഈ വാർത്തയെ സാധൂകരിക്കുന്നതും, മലപ്പുറം ജില്ലയിൽ സംഘ്പരിവാർ

ലക്ഷ്യംവെക്കുന്നതെന്തെന്ന് കൃത്യമായി വെളിപ്പെടുത്തുന്നതുമായിരുന്നു *മാധ്യമം* പത്രത്തിൽ അന്ന് വന്ന മലപ്പുറം എസ്.പി ഉമ്മൻകോശിയുടെ പ്രസ്താവന. 'മലപ്പുറം ജില്ലയെ ദൈവം രക്ഷിച്ചു' എന്ന തലക്കെട്ടിൽവന്ന ആ വാർത്ത ഇങ്ങനെ: "ദൈവം രക്ഷിച്ചു, ഇല്ലെങ്കിൽ മലപ്പുറം ജില്ല വർഗീയ കലാപത്തിൽ കത്തിയെരിയുമായിരുന്നു" – താനൂർ സ്ഫോടനത്തെ തുടർന്നുണ്ടായ സംഭവവികാസങ്ങളെക്കുറിച്ച് ജില്ലാ പോലീസ് സൂപ്രണ്ട് ഉമ്മൻ കോശിയുടെ പ്രതികരണം. സെപ്റ്റംബർ 8–ന് നടന്ന ശ്രീകൃഷ്ണ ജയന്തി ഘോഷയാത്രയിലേക്ക് ബോംബുകൾ എറിഞ്ഞ് ജില്ലയിൽ വർഗീയ കലാപങ്ങൾ അഴിച്ചുവിടുകയായിരുന്നു ആർ.എസ്.എസുകാരുടെ ലക്ഷ്യം. താനൂരിലും ചെട്ടിപ്പടിയിലും അബദ്ധത്തിലുണ്ടായ ബോംബ് സ്ഫോടനങ്ങൾ ഈ ഗൂഢതന്ത്രം പൊളിച്ചു. താനൂർ സ്ഫോടനത്തിൽ പരിക്കേറ്റ് ആശുപത്രിയിലായ പറയമ്പാത്ത് സുകുവിന്റെ മകൻ ബാബുവിനെ ചോദ്യം ചെയ്തപ്പോഴാണ് ശോഭായാത്രക്കു നേരെ ബോംബാക്രമണം നടത്തി അത് താനൂരിലെ മുസ്‌ലിം തീവ്രവാദികൾ ആക്രമിച്ചതാണെന്ന് വരുത്തിത്തീർക്കാനുള്ള ആർ.എസ്.എസ് നേതൃത്വത്തിന്റെ പദ്ധതികൾ വെളിച്ചത്തായത്. താനും ശ്രീകാന്തും സുഹൃത്തുക്കളും ബോംബുണ്ടാക്കിയിരുന്നത് ശ്രീകൃഷ്ണ ജയന്തി ഘോഷയാത്രക്കുനേരെ ഉപയോഗിക്കാനായിരുന്നുവെന്ന് ബാബു പോലീസിനോട് സമ്മതിച്ചിട്ടുണ്ട്. ഇതോടെ താനൂർ സ്ഫോടനത്തെക്കുറിച്ച അന്വേഷണത്തിന്റെ ഗതി തന്നെ മാറി. വർഷങ്ങളായി ജില്ലയിൽ ആർ.എസ്.എസ് നടത്തിവന്ന ഗൂഢപദ്ധതികളിലേക്ക് വെളിച്ചം വീശുന്നതാണ് ആർ.എസ്.എസ് പ്രവർത്തകന്റെ ഈ കുറ്റസമ്മതം. ജില്ലയിൽ രണ്ടുവർഷമായി അരങ്ങേറിയ തിയേറ്റർ കത്തിക്കൽ, ചാരായക്കട കത്തിക്കൽ എന്നിവ മലപ്പുറത്തെ മറ്റൊരു കശ്മീരാക്കാനുള്ള മുസ്‌ലിം തീവ്രവാദികളുടെ നീക്കമാണെന്ന് ദേശീയ–അന്തർദേശീയ തലങ്ങളിൽ പ്രചാരണമഴിച്ചുവിട്ട ഫാഷിസ്റ്റ് നേതൃത്വത്തിന്റെയും മാധ്യമങ്ങളുടെയും ഗൂഢപദ്ധതികളിലേക്ക് സംഭവം വെളിച്ചം വീശുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ജില്ലയിലെ 14 സിനിമ ടാക്കീസുകളും 4 മദ്യക്കടകളും കത്തിനശിച്ചിരുന്നു. ഇതിനെതിരെ ആർ.എസ്.എസ്–ബി.ജെ.പി നേതാക്കൾ വമ്പിച്ച പ്രചാരണം അഴിച്ചുവിടുകയും പോലീസ് ജില്ലയിലെ ചില മുസ്‌ലിം സംഘടനകളെ മാത്രം കേന്ദ്രീകരിച്ച് അന്വേഷണം നടത്തുകയും ചെയ്തു. മുസ്‌ലിം മതമൗലികവാദികളാണ് തിയേറ്റർ കത്തിക്കലിനു പിന്നിലെന്നും ഇതിന് പാകിസ്താൻ–കശ്മീർ ചാരന്മാരുടെ സഹായമുണ്ടെന്നും പ്രചരിപ്പിച്ച സിനിമാ ടാക്കീസുടമകളുടെ സംഘടനയെ നയിച്ചിരുന്നത് ബി.ജെ.പിയുടെ മുൻ ജില്ലാ വൈസ് പ്രസിഡന്റും ആർ.എസ്.എസ് നേതാവുമായിരുന്നു. കള്ളത്തോക്കു കേസിൽ ഇയാൾ പിടിയിലായതോടെ തിയേറ്റർ കത്തിക്കലിനെതിരെയുള്ള ആർ.എസ്.എസ് ബി.ജെ.പി പ്രചാരണം തണുത്തു. ആർ.എസ്.എസ്–ബി.ജെ.പി നെറ്റ് വർക്കിന് ശക്തമായ അടിത്തറയുള്ള ജില്ലയിലെ പോലീസ് സേനയും സംസ്ഥാന ഇന്റലിജൻസ് വിംഗും തിയേറ്റർ കത്തിക്കലിന് പിന്നിൽ മുസ്‌ലിം മതമൗലിക വാദികളാണെന്ന നിലപാടിൽ തന്നെയായിരുന്നു. കുറ്റിപ്പുറത്തെ യൂത്ത്‌ലീഗ് സമ്മേളന ദിവസം രാത്രി തൊട്ടടുത്ത ചായക്കടക്ക് തീകൊടുത്തത് മുസ്‌ലിം യൂത്ത്‌ലീഗുകാരാണെന്നും പ്രചാരണമുണ്ടായി. എന്നാൽ സംഭവവുമായി ബന്ധപ്പെട്ട് പോലീസ് പിടിയിലായത് ബി.ജെ.പിക്കാരനായിരുന്നു. അതോടെ അന്വേഷണം നിലച്ചു. ജില്ലയിലെ തിയേറ്റർ കത്തലിനു പിന്നിൽ ആർ.എസ്.എസ്–ബി.ജെ.പി ലോബിയാണെന്നതിന് വ്യക്തമായ തെളിവുകൾ ലഭിച്ചിട്ടും ഇന്നുവരെ സംഭവത്തിന്റെ സത്യാവസ്ഥ കണ്ടെത്താനോ വെളിച്ചത്തുകൊണ്ടുവരാനോ ജില്ലാ പോലീ

സിന് കഴിഞ്ഞിട്ടില്ല.......

"താനൂർ സ്ഫോടനവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ സ്ഫോടക വസ്തു വ്യാപാരിയായ കുമാരൻ ജില്ലയിലെ ആർ.എസ്.എസ് പ്രവർത്തനങ്ങളുടെ നട്ടെല്ലാണ്. ഇയാളുടെ ഉടമസ്ഥതയിലുള്ളതാണ്, സ്ഫോടനത്തിൽ മരിച്ച ശ്രീകാന്ത് താമസിച്ചിരുന്ന തിരൂരിലെ സംഘ്മന്ദിർ. രണ്ടുവർഷമായി ജില്ലയിൽ ഒളിവിൽ കഴിയുകയായിരുന്നു ശ്രീകാന്ത്. (തിയേറ്റർ കത്തിക്കൽ തുടങ്ങിയിട്ട് രണ്ടു കൊല്ലമേ ആകുന്നുള്ളൂ എന്ന് ഓർക്കുക). ഇദ്ദേഹം ജില്ലയിലെ 50 ആർ.എസ്.എസ് ശാഖകളുടെ തലവനും മേൽനോട്ടക്കാരനും ആയിരുന്നു. അമ്പതുശാഖകളിലെയും തെരഞ്ഞെടുക്കപ്പെട്ട ആർ.എസ്.എസുകാർക്ക് ബോംബുനിർമാണം ഇയാൾ പരിശീലിപ്പിച്ചിട്ടുണ്ട്. വർഷങ്ങളായി ഒരു ആർ.എസ്.എസ് നേതാവ് സ്ഫോടക വസ്തുക്കളുടെ വിൽപന ലൈസൻസ് ലഭ്യമാക്കി കടയും തുറന്ന് വെച്ച് നടത്തിയിട്ടും ഇന്നോളം ആരും ഈ കേന്ദ്രത്തെ നിരീക്ഷിക്കാനോ ചോദ്യം ചെയ്യാനോ തയാറായില്ല എന്നത് പോലീസ് സേനക്ക് മേൽ ഇവർക്ക് എത്രമാത്രം സ്വാധീനമുണ്ടെന്നതിന്റെ തെളിവാണ്" (*മാധ്യമം* ദിനപത്രം 1993 സെപ്റ്റംബർ 21 ചൊവ്വ).

സ്ഫോടനത്തെക്കുറിച്ചും മലപ്പുറത്ത് സംഘ്പരിവാർ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായ അന്വേഷണം നടത്തണമെന്ന് നിരവധി സംഘടനകൾ ആവശ്യപ്പെടുകയുണ്ടായി. ആ സമയം ചില അന്വേഷണങ്ങളും റെയ്ഡുമൊക്കെ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായി. പിന്നീട് ആ കേസുകൾക്കെല്ലാം എന്തു സംഭവിച്ചു? അന്വേഷണങ്ങൾ എവിടെയെത്തി?

'മലപ്പുറത്തെ കശ്മീരാക്കുന്നു, തീവ്രവാദികൾ അവിടെ താവളമടിക്കുന്നു, അറബിക്കടലിലൂടെ അവിടേക്ക് ആയുധങ്ങൾ വരുന്നു, അതുകൊണ്ട് തീരപ്രദേശങ്ങളിൽ പ്രത്യേക സുരക്ഷാ സംവിധാനങ്ങൾ വേണം' തുടങ്ങിയ പ്രചാരണങ്ങൾ ഒരു ഭാഗത്ത് നടത്തിക്കൊണ്ടിരുന്ന സംഘ്പരിവാർ തന്നെയാണ് മലപ്പുറത്തെയും അതുവഴി കേരളത്തെയും കശ്മീരാക്കാൻ ഗൂഢാലോചന നടത്തിയതെന്ന് താനൂർ സ്ഫോടനം പോലുള്ള സംഭവങ്ങൾ സൂചിപ്പിക്കുന്നു.

"ബി.ജെ.പിയുടെ ആഭിമുഖ്യത്തിൽ മലപ്പുറത്ത് വൻ പ്രക്ഷോഭയാത്ര നടത്താൻ ഒരുക്കങ്ങൾ നടക്കുന്നതിനിടെയാണ് താനൂർ സ്ഫോടനം നടന്നത്. സംഘ്പരിവാറിന്റെ തനിനിറം പുറത്തുവന്നതോടെ പ്രക്ഷോഭയാത്ര നിർത്തിവെക്കുകയായിരുന്നു" (*മാധ്യമം* ദിപത്രം 1993 സെപ്റ്റംബർ 22)

## കൊച്ചിയിലെ സ്ഫോടനം

1999 ജൂലൈ 29–ന് പുലർച്ചെ ആറുമണിയോടെയാണ്, ബി.ജെ.പി എറണാകുളം ജില്ലാ സെക്രട്ടറി വാമനപ്രഭുവിന്റെ മട്ടാഞ്ചേരി അമരാവതിയിലെ വീട്ടിൽ ഉഗ്ര സ്ഫോടനമുണ്ടായത്. വീടിനോട് ചേർന്ന് സഹോദരൻ വേണുഗോപാൽ നടത്തിവന്ന സ്റ്റെയ്നർ നിർമാണ ഷെഡും വാമനപ്രഭുവിന്റെ കിടപ്പുമുറിയും സ്ഫോടനത്തിൽ തകർന്നു. പുറത്തുനിന്ന് ആരോ വീട്ടിലേക്ക് ബോംബെറിഞ്ഞുവെന്നായിരുന്നു പ്രാഥമിക നിഗമനം. മുസ്‌ലിം തീവ്രവാദികളാണ് ബോംബിംഗിന് പിന്നിലെന്ന് ബി.ജെ.പി ആരോപിച്ചു. സംഭവത്തെക്കുറിച്ച് സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് വാമനപ്രഭുവിന്റെ സഹോദരൻ വേണുഗോപാൽ ഹൈക്കോടതിയെ സമീപിക്കുകയും ചെയ്തു.

"സംഭവം വിവാദമായതോടെ യാണ് അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്തത്. തിരുവനന്തപുരത്തുനിന്നും തമിഴ്നാട്ടിൽനിന്നും എത്തിയ ഫോറൻസിക് –രാസ

വസ്തു പരിശോധനാ വിദഗ്ധർ അഞ്ചോ ആറോ നാടൻബോംബുകൾ പൊട്ടിയിട്ടുണ്ടെന്ന് കണ്ടെത്തി. പുറമെ ഇവിടെ സൂക്ഷിച്ചിരുന്ന ബോംബ് നിർമാണ അസംസ്കൃത വസ്തുക്കളും പൊട്ടിത്തെറിച്ചതായും അവർ കണ്ടെത്തി. ഇരുപതോളം നാടൻബോംബുകൾ പൊട്ടിത്തെറിക്കുന്നതിന്റെ ഉഗ്രശബ്ദവും അപകട വ്യാപ്തിയുമാണ് ഉണ്ടായതെന്ന് വിദഗ്ധസംഘം വിലയിരുത്തി. ബോംബ് നിർമാണത്തിന് ഉപയോഗിക്കുന്ന പൊട്ടാസ്യം ക്ലോറേഡ്, അലൂമിനിയം, സൾഫർ, കാർബൺ എന്നീ രാസവസ്തുക്കളുടെ അവശിഷ്ടവും കണ്ടെടുത്തു. ഷെഡിൽ സൂക്ഷിച്ച ബോംബ് നാലു കാരണങ്ങൾകൊണ്ട് പൊട്ടിത്തെറിക്കാം. ഘർഷണം, ചൂട് എന്നിവക്ക് പുറമെ സാധാരണ മർദം കൊണ്ടോ, കുറേനാൾ അനങ്ങാതിരുന്നതുകൊണ്ടോ ബോംബ് പൊട്ടാം. ഇവിടെ ആവികൊണ്ടാണ് ബോംബ് സ്ഫോടനം ഉണ്ടായതെന്ന് വിദഗ്ധ സംഘം കണ്ടെത്തി."

"ഒടുവിൽ, 2000 ഫെബ്രുവരി 22ന് പ്രതി പിടിയിലായി; വാമനപ്രഭുവിന്റെ സഹോദരൻ വേണുഗോപാൽ! സ്ഫോടനത്തെക്കുറിച്ച് സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചതും വേണുഗോപാൽ തന്നെയായിരുന്നു. സ്ഫോടക വസ്തു അനധികൃതമായി സൂക്ഷിച്ചതിന് 1908 ലെ സ്ഫോടക വസ്തു നിയമം അഞ്ചാംവകുപ്പ് പ്രകാരമാണ് പ്രതിക്കെതിരെ കേസ് രജിസ്റ്റർ ചെയ്തത്. എന്നാൽ, വേണുഗോപാലിനെതിരായ കേസ് കെട്ടിച്ചമച്ചതാണെന്നാണ് ബി.ജെ.പി വാദിച്ചത്." (മാധ്യമം 22.03.2000).

## ആലുവയിലെ 'അപകടം'

2009 മാർച്ച് ഒന്നിന് വൈകുന്നേരം ശരീരമാസകലം ചീളുകൾ കയറി പരിക്കേറ്റ രതീഷ് എന്ന ചെറുപ്പക്കാരനെ ആലുവ തുരുത്തിലെ റോഡരികിൽനിന്നാണ് യാത്രക്കാരും നാട്ടുകാരും ചേർന്ന് ആലുവയിലെ സ്വകാര്യ ആശുപത്രിയിലെത്തിച്ചത്. പരിക്ക് ഗുരുതരമായതിനാൽ രതീഷിനെ എറണാകുളത്തെ ഒരു ആശുപത്രിയിലേക്ക് മാറ്റി. തോട്ടപൊട്ടിയാണ് പരിക്കേറ്റതെന്നായിരുന്നു തുടക്കത്തിൽ പ്രചാരണം. സംഭവിച്ചത് എന്തായിരുന്നു? "നിർമാണത്തിനിടെ ബോംബ് പൊട്ടിത്തെറിച്ച് ആർ.എസ്.എസ് പ്രവർത്തകന് പരിക്കേറ്റു. തുരുത്ത് വരനാട് സോമന്റെ മകൻ ജിത്തുവെന്ന രതീഷിനാണ്(34) ഗുരുതരമായി പരിക്കേറ്റത്. ഇന്നലെ (01.03.2009) വൈകുന്നേരം 5.30ഓടെ പെരിയാറിന്റെ തീരത്താണ് അപകടം. സംഭവസ്ഥലത്ത് രതീഷിനെ കൂടാതെ മൂന്നുപേരുണ്ടായിരുന്നു. സ്ഫോടനത്തെത്തുടർന്ന് സംഘം രക്ഷപ്പെട്ടു....... കൈക്ക് പരിക്കേറ്റ രതീഷിന്റെ ഒരു കൈപത്തി അറ്റതായി അറിയുന്നു. സംഭവം മൂടിവെക്കാൻ ആർ.എസ്.എസ് നേതൃത്വവും പോലീസും ശ്രമിക്കുന്നതായി ആരോപണമുണ്ട്. പോലീസും ആർ.എസ്.എസും ഒത്തുകളിക്കുകയാണെന്ന് ആരോപിച്ച് നാട്ടുകാർ തുരുത്തിൽ പ്രകടനം നടത്തി" (*മാധ്യമം* 2009 മാർച്ച് 2 പേജ് 12).

ഈ 'അപകട സ്ഫോടനം' ഒറ്റപ്പെട്ട സംഭവമല്ലെന്നും ആലുവ മേഖലയിൽ ബോംബ് നിർമാണവും ആയുധ പരിശീലനവും വ്യാപകമാണെന്നും റിപ്പോർട്ടുകളിൽ നിന്ന് മനസ്സിലാകുന്നു. ഒരു വാർത്ത ഇങ്ങനെ: "ആലുവ മേഖലയിൽ ആർ.എസ്.എസ് അടക്കമുള്ള സംഘ്പരിവാർ സംഘടനകളുടെ രഹസ്യക്യാമ്പുകൾ വ്യാപകമാകുന്നു. ബോംബ് നിർമാണം, ആയുധപരിശീലനം തുടങ്ങിയവ ക്യാമ്പുകളിൽ നടക്കുന്നതായാണ് അറിയുന്നത്. റൂറൽ ജില്ലയിലെ ഉന്നത ഉദ്യോഗസ്ഥരടക്കമുള്ള പോലിസുകാരുടെ അറിവോടും മൗനാനുവാദത്തോടെയുമാണ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതെന്ന് ആരോപണമുണ്ട്.

ഇത്തരം കേന്ദ്രങ്ങളുടെ പ്രവർത്തനം തെളിയിക്കുന്നതാണ് ഞായറാഴ്ച ആലുവ തുരുത്തിലുണ്ടായ ബോംബ് സ്ഫോടനം. ബോംബ് നിർമിക്കുന്നതിനിടെ പൊട്ടിത്തെറിച്ച് ആർ.എസ്.എസ് പ്രവർത്തകൻ തുരുത്ത് വാരനാട്ട് സോമന്റെ മകൻ ജിത്തു എന്ന രതീഷിന് (34) ഗുരുതരമായി പരിക്കേറ്റിരുന്നു.

പെരിയാറിന്റെ തീരത്ത് ആളൊഴിഞ്ഞ കേന്ദ്രത്തിലാണ് ബോംബ് നിർമിച്ചിരുന്നത്. കാലങ്ങളായി നടക്കുന്ന ബോംബ് നിർമാണവും ആയുധപരിശീലനവുമാണ് സ്ഫോടനം വഴി പുറത്തായതെന്ന് നാട്ടുകാർ പറഞ്ഞു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ 'പ്രവർത്തന'ത്തിനായി ആലുവ മേഖലയിൽനിന്ന് നിരവധി പ്രവർത്തകരെ റിക്രൂട്ട് ചെയ്യുന്നുണ്ട്. ഇതിന് പ്രത്യേക പരിശീലനവും രഹസ്യകേന്ദ്രങ്ങളിലുണ്ട്.

പ്രദേശത്തെ ഹരിജൻ കോളനികളും ലക്ഷംവീട് കോളനികളും കേന്ദ്രീകരിച്ച് പ്രവർത്തനം വ്യാപിപ്പിക്കാൻ ആർ.എസ്.എസ് നടത്തുന്ന ശ്രമം പലപ്പോഴും സംഘർഷങ്ങൾക്കിടയാക്കുന്നുണ്ട്.

ഇന്ത്യയിൽ എവിടെ പ്രശ്നമുണ്ടായാലും ആലുവ പോലിസ്, തുരുത്തിലെ ഒരു പ്രത്യേക മതവിഭാഗത്തിലെ ചെറുപ്പക്കാരെ പീഡിപ്പിക്കൽ പതിവാണ്. ഇതേ പേരുപറഞ്ഞ് പോലിസിലെ എല്ലാ വിഭാഗവും തുരുത്തിനെ വീക്ഷിക്കുന്നുമുണ്ട്. ഇത്രയധികം ശ്രദ്ധ പോലിസ് നൽകുമ്പോഴാണ് നിർമാണത്തിനിടെ ബോംബ് പൊട്ടിത്തെറിച്ചത്. സംഘ്പരിവാറിന് പോലിസിൽ നിന്ന് ലഭിക്കുന്ന സഹകരണമാണ് ഇതിലൂടെ പുറത്തുവന്നത്.

രഹസ്യ ക്യാമ്പുകളെക്കുറിച്ച് അറിവുണ്ടായിട്ടും അനാസ്ഥ കാട്ടിയത് പോലിസിന് സംഘ്പരിവാറുമായുള്ള രഹസ്യബന്ധത്തിന്റെ തെളിവായി ചൂണ്ടിക്കാട്ടപ്പെടുന്നു. സ്ഫോടന സംഭവത്തിൽ ഇവർ കൈക്കൊണ്ട നിലപാട് ഇത് സാധൂകരിക്കുന്നതാണ്.

സ്ഫോടനമുണ്ടായ ഉടൻ തുരുത്തിലെത്തിയ ആർ.എസ്.എസ് നേതാക്കളുടെ നിർദേശാനുസരണം തോട്ട പൊട്ടിയാണ് അപകടമുണ്ടായതെന്ന നിലപാടാണ് പോലിസ് സ്വീകരിച്ചത്. മാത്രമല്ല, സംഭവമുണ്ടായി മണിക്കൂറുകൾക്ക് ശേഷമാണ് പോലിസ് സ്ഥലത്തെത്തിയത്.

ഇതിനിടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ആർ.എസ്.എസ് പ്രവർത്തകർ തെളിവുകളെല്ലാം നശിപ്പിച്ചിരുന്നു. പോലിസ് അനാസ്ഥയിൽ പ്രതിഷേധിച്ച് ഞായറാഴ്ച രാത്രി തുരുത്തിൽ നാട്ടുകാർ പ്രകടനം നടത്തിയിരുന്നു.

ന്യൂനപക്ഷ സമുദായത്തിൽപെട്ട ചെറുപ്പക്കാർ പോലിസ് പീഡനങ്ങൾക്ക് കൂടുതലായി ഇരയാകുന്ന ഉളിയന്നൂരിലും സംഘ്പരിവാർ സംഘടനകളുടെ ഭീകര പരിശീലന കേന്ദ്രങ്ങൾ സജീവമാണെന്ന് പറയുന്നു. എന്നാൽ, ഇതും പോലിസ് അറിയാത്ത മട്ട് നടിക്കുകയാണ്. കുന്നുകര, അടുവാശേരി, ചെങ്ങമനാട്, വയൽക്കര, പൊയ്ക്കാട്ടുശേരി, പൂവത്തുശേരി, അത്താണി, ദേശം, കടുങ്ങല്ലൂർ, അമ്പാട്ടുകാവ്, എസ്.എൻ പുരം, മുപ്പത്തടം, കീഴ്മാട്, എടയപ്പുറം, ചീരക്കട, എടത്തല തുടങ്ങിയ നിരവധി സ്ഥലങ്ങളിൽ ആർ.എസ്.എസിന്റെ രഹസ്യ പരിശീലനകേന്ദ്രങ്ങളുണ്ട്. ഈ പ്രദേശങ്ങളിലെല്ലാം ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ജനങ്ങളെ ഭയപ്പെടുത്തി നിർത്തിയിരിക്കുകയാണ്." (*മാധ്യമം* ദിനപത്രം, 2009 മാർച്ച് 3, പേജ് 12, യാസർ അഹ്മദിന്റെ റിപ്പോർട്ട്) ■

(അവസാനിച്ചു)